പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1038

05.03.2020-ൽ മറുപടിക്ക്

## എറണാകുളം ജില്ലയിലെ നിരത്ത് പരിപാലന വിഭാഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.ജെ. വിനോദ് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിൽ നിരത്ത് പരിപാലനവിഭാഗം നിലവിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരിൽ നിക്ഷിപ്തമായ ഉത്തരവാദിത്തം എന്താണ്; | (എ) എറണാകുളം ജില്ലയിൽ നിരത്ത് പരിപാലന വിഭാഗം നിലവിൽ വന്നിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ പരിപാലനം നടത്തുക, റോഡുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനായി റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (RMMS) നടപ്പിലാക്കുക, കമ്പ്യൂട്ടർ നെറ്റ് വർക്ക് സംവിധാനം മുഖേന റോഡുകളുടെ അവസ്ഥ, വാഹന സാന്ദ്രത, ഗുണനിലവാരം എന്നിവ തുടർച്ചയായി വിശകലനം ചെയ്ത് റോഡുകളുടെ വാർഷിക പരിപാലന പദ്ധതി (ARMOP) തയ്യാറാക്കുക എന്നതാണ് ഇവരിൽ നിക്ഷിപ്തമായ ഉത്തരവാദിത്തം. |
| (ബി) ഈ വിഭാഗം നിലവിൽ വന്നതിന് ശേഷം ഏതെങ്കിലും പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) നിരത്ത് പരിപാലന വിഭാഗം നിലവിൽ വന്നതിനുശേഷമാണ് എറണാകുളം ജില്ലയിലെ സംസ്ഥാന പാതകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുവേണ്ടിയുള്ള റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം ത്വരിതഗതിയിലായത്. ഇത് പ്രാവർത്തികമാക്കുന്നതിനുവേണ്ടി 327 കി.മീ റോഡിലെ ഇൻവെന്ററി സർവ്വേയും CVPD (Commercial Vehicles Per Day) സർവ്വേയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ഔട്ട് പുട്ട് ആന്റ് പെർഫോർമൻസ് ബേയ്സ്ഡ് റോഡ് കോൺട്രാക്ട് (OPBRC) എന്ന നൂതന പരിപാലന കരാർ നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രാരംഭ ഘട്ട സർവ്വേയും പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉടൻ തയ്യാറാക്കുന്നതാണ്. |

(സി) നിരത്ത് പരിപാലന വിഭാഗത്തിൽ നിന്നും രണ്ട് അസിസ്റ്റന്റ് എഞ്ചിനീയർമാരെ സസ്പെന്റ് ചെയ്തിട്ടുണ്ടോ; അതിനുള്ള കാരണം എന്തെന്ന് വിശദമാക്കുമോ?

(സി) നിരത്ത് പരിപാലന വിഭാഗത്തിൽ നിന്നും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറേയും, ഒരു അസിസ്റ്റന്റ് എഞ്ചിനീയറേയും സസ്പെന്റ് ചെയ്തിട്ടുണ്ട്. ആലുവ എറണാകുളം റോഡിൽ പാലാരിവട്ടം ഭാഗത്ത് പൈപ്പ് പൊട്ടിയതുമൂലം വാട്ടർ അതോറിറ്റി എടുത്ത കുഴിയിൽ വീണ് യുവാവ് മരിക്കാൻ ഇടയായത് അപകട മുന്നറിയിപ്പ് ബോർഡോ, ബാരിക്കേഡോ സ്ഥാപി-ക്കാത്തതുകൊണ്ടാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിനാണ് ടിയാളുകളെ സസ്പെന്റ് ചെയ്തിട്ടുള്ളത്.

സെക്ഷൻ ഓഫീസർ